**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3352** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്കോൾ കേരളയിൽ ബയോമെട്രിക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൃത്രിമം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കോൾ കേരളയിൽ ബയോമെട്രിക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിൽ സോഫ്റ്റ്‌വെയറിൽ കൃത്രിമം നടത്തിയത് സംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഈ സ്ഥാപനത്തിൽ ബയോമെട്രിക് പഞ്ചിങ് മെഷീൻ സ്ഥാപിച്ചത് കെൽട്രോൺ ആണോ; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതെ. 9,84,328/- രൂപ** |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് ശമ്പളം അനുവദിക്കുന്നതിന് ബയോമെട്രിക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം ആണോ ഉപയോഗിക്കുന്നത്; എന്ന് മുതലാണ് ഇത് നടപ്പിൽ വരുത്തിയതെന്ന് അറിയിക്കാമോ; | (ബി) | **ബയോമെട്രിക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിലെ വിവരങ്ങളോടൊപ്പം അറ്റൻഡൻസ് രജിസ്റ്ററിലെ വിവരങ്ങൾ കൂടി പരിഗണിച്ചാണ് ശമ്പളം അനുവദിക്കുന്നത്.**<br><br>**ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2022 ഏപ്രിൽ 1 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.** |
| (സി) | പ്രസ്തുത സ്ഥാപനത്തിലെ പഞ്ചിംഗ് മെഷീനിൽ ഫിംഗർപ്രിന്റ് പതിക്കുന്നതിന് പകരം ഐഡന്റിറ്റി കാർഡ് ഉപയോഗിച്ച് പഞ്ച് ചെയ്ത് ക്രമക്കേട് കാട്ടിയ ജീവനക്കാരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ; ഇത് മൂലം സ്ഥാപനത്തിന് എത്ര രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളതെന്നറിയിക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | പ്രസ്തുത സ്ഥാപനത്തിലെ ബയോമെട്രിക് പഞ്ചിങ് മെഷീന്റെ സോഫ്റ്റ്‌വെയറിൽ കൃത്രിമം നടത്തിയ സംഭവത്തിൽ എന്ത് അന്വേഷണം നടത്തി എന്നും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ